15
2024
ആഗസ്റ്റ്

# ഗിൽഗാൽ വോയ്സ്

യുഎഇ
4 പേജ്
വാല്യം : 1
ലക്കം : 1

Published By : Media Department, Church of God UAE
For Private Circulation Inside Church Premises Only
Email : gilgalvoice@gmail.com



## നേതൃനിരയിൽ രണ്ടു പതിറ്റാണ്ടുകൾ

**ചർച്ച് ഓഫ് ഗോഡ് യുഎഇ നാഷണൽ ഓവർസിയറായി റവ. ഡോ. കെ. ഓ. മാത്യു വീണ്ടും നിയമിതനായി.**

ചർച്ച് ഓഫ് ഗോഡ് യു.എ.ഇ. നാഷണൽ ഓവർസിയറായി റവ. ഡോ.കെ.ഓ.മാത്യു വീണ്ടും നിയമിതനായി.

ക്ളീവ്ലാൻഡ്, ടെന്നീസി: ചർച്ച് ഓഫ് ഗോഡ് യു.എ.ഇ. യുടെ ദേശീയ അദ്ധ്യക്ഷനായി വീണ്ടും റവ. ഡോ. കെ. ഓ. മാത്യു തുടർച്ചയായ ആറാം തവണയാണ് ദൈവസഭയുടെ അന്തർദേശിയ നേതൃത്വം ഇദ്ദേഹത്തെ യു.എ.ഇ. യുടെ നാഷണൽ ഓവർസിയറായി നിയമിക്കുന്നത്.

2000 ൽ പ്രവർത്തനമാരംഭിച്ച ചർച്ച് ഓഫ് ഗോഡ് യു.എ. ഇ. യുടെ പ്രവർത്തനങ്ങൾ റവ. ഡോ.കെ.ഓ. മാത്യുവിന്റെ നേതൃത്വത്തിൽ 24 വർഷം പിന്നിടുമ്പോൾ യു.എ.ഇ. യുടെ ഏഴ് എമിറേറ്റ്സുകളിലും സജീവ സാന്നിധ്യമായി മാറിയിരിക്കുകയാണ്. സഭാ പ്രവർത്തനങ്ങളിൽ മാത്രമല്ല വിവിധ സാമൂഹ്യസേവനപ്രവർത്തനങ്ങളിലും ചർച്ച് ഓഫ് ഗോഡ് യു.എ.ഇ. അതിന്റെ സാന്നിധ്യം തെളിയിച്ചു കഴിഞ്ഞു.

ദൈവസഭയുടെ അന്തർദേശീയ നേതൃത്വം തന്നിൽ അർപ്പിച്ച വിശ്വാസത്തോടു തികഞ്ഞ പ്രതിപത്തത പുലർത്തിക്കൊണ്ട് ദൈവസഭയുടെ പ്രവർത്തനങ്ങളെ കൂടുതൽ ഏകോപിപ്പിച്ചു മുന്നേറുമെന്ന് റവ. ഡോ കെ. ഓ. മാത്യു പ്രതികരിച്ചു.

ചർച്ച് ഓഫ് ഗോഡ് ടെന്നസിയുടെ ഫോർത്ത് ലെവൽ ഗ്രേഡുള്ളതും ഏഷ്യൻ തിയോളജിക്കൽ അസോസിയേഷന്റെ അംഗീകാരമുള്ളതുമായ മിഡിൽ ഈസ്റ്റിലെ ആദ്യ വേദപഠനശാലയായ ഗിൽഗാൽ ബിബ്ളിക്കൽ സെമിനാരിയുടെ സ്ഥാപക പ്രസിഡന്റായ റവ. ഡോ. കെ. ഓ. മാത്യു നിലവിൽ ഗിൽഗാൽ ചർച്ച് ഓഫ് ഗോഡ് സഭയുടെ സീനിയർ ശുശ്രൂഷകനും, ഷാർജാ വർഷിപ്പ് സെന്റർ സെക്രട്ടറിയും, യു.പി.എഫ്. യു.എ.ഇ. മുതിർന്ന രക്ഷാധികാരിയും, ഐ.സി.പി.എഫ്. ഷാർജാ രക്ഷാധികാരിയുമാണ്.

സിസ് വൽസ മാത്യു വാഗ്ദത്വത്തിന്റെ കൂട്ടവകാശിയായി തന്നൊടൊപ്പം പ്രേഷിത പ്രവർത്തനങ്ങളിലും, സോദരി സമാജത്തിന്റെ നേതൃ പദവിയിലും, സജീവ സാന്നിദ്ധ്യമാണ്. മകൻ ബിഷപ്പ് ഷാൻ മാത്യു ദൈവസഭയുടെ അസിസ്റ്റന്റ് നാഷണൽ ഓവർ സിയറും ചർച്ച് യുണൈറ്റഡ് ഷാർജാ സീനിയർ സഭാശുശ്രൂഷകനും ആണ്.




## ചർച്ച് ഓഫ് ഗോഡ് യു.എ.ഇ 2024-2026 പ്രവർത്തന വർഷങ്ങളിലേക്കുള്ള കൗൺസിൽ ഭാരവാഹികളെ തിരഞ്ഞെടുത്തു

ഷാർജാ: ചർച്ച് ഓഫ് ഗോഡ് യു.എ.ഇ നാഷണൽ ഓവർസിയർ റവ: ഡോ.കെ.ഒ. മാത്യൂവിന്റെ അദ്ധ്യക്ഷതയിൽ ഷാർജ വർഷിപ്പ് സെൻററിൽ ചേർന്ന ജനറൽ കൗൺസിലിൽ 2024–2026 കാലയളവിലേക്കുള്ള പുതിയ കൗൺസിൽ അംഗങ്ങളെ തിരഞ്ഞെടുത്തു.

നാഷണൽ അസിസ്റ്റന്റ് ഓവർസീയറായി ബിഷപ്പ് ഷാൻ മാത്യു നിയോഗിതനായി. നാഷണൽ സെക്രട്ടറി പദവിയിലേക്ക് പാസ്റ്റർ കുര്യൻ മാമ്മൻ, ജോയിന്റ് സെക്രട്ടറി ആയി പാസ്റ്റർ ജോൺ മാത്യു, ട്രഷറാറായി പാസ്റ്റർ സണ്ണി പി സാമുവേൽ, ജോയിന്റ് ട്രഷറാർ സ്ഥാനത്തേക്ക് പാസ്റ്റർ എബി ബാബുവും തിരഞ്ഞെടുക്കപ്പെട്ടു.

പാസ്റ്റർ ജോർജ്ജ് ടൈറ്റസ് (ജോസ് മല്ലശ്ശേരി) ഇവാഞ്ചലിസം ഡയറക്ടർ ആയി സ്ഥാനമേറ്റു.

വൈ.പി.ഇ ഡയറക്ടർ സ്ഥാനം പാസ്റ്റർ ഫെബിൻ മാത്യു നിലനിർത്തി. ബ്രദർ ഗിന്നർ ജെ.ഡി സെക്രട്ടറി ആയും പാസ്റ്റർ ജോർജ്ജ് മാത്യു ട്രഷറാറായും തിരഞ്ഞെടുക്കപ്പെ ട്ടു.

സ്ക്രിപ്ച്ചർ സ്കൂൾ ഡയറക്ടർ സ്ഥാനത്തേക്ക് വീണ്ടും തിരഞ്ഞെടുക്കപ്പെട്ട ബ്രദർ റോബി ജോണിനൊപ്പം ബ്രദർ ദിനേശ് എ.പി സെക്രട്ടറിയാ യും ബ്രദർ ബിനോയി ജോൺ തോമസ് ട്രഷാറാറായും സ്ഥാനമേറ്റു.

എൽ.എം മിനിസ്ട്രിയുടെ ഡയറക്ടർ പദവിയിലേക്ക് സിസ്റ്റർ വൽസാ മാത്യൂനെ തിരഞ്ഞെടുത്തു. ഒപ്പം സെക്രട്ടറിയായി സിസ്റ്റർ ഷേർളി കുര്യനും ട്രഷാറാറായി സിസ്റ്റർ എലിസബത്ത് സുനീഷും ചുമതല ഏറ്റു.

അബുദാബി റീജിയൺ കോർഡിനേറ്ററായി പാസ്റ്റർ പ്രസാദ്, അലൈൻ കോർഡിനേറ്ററുമായി പാസ്റ്റർ റെജി മാത്യു, പാസ്റ്റർ ജെയിൻ, ദുബായ് കോർഡിനേറ്ററായി പാസ്റ്റർ മാത്യു, ഷാർജ്ജ, അജ്മാൻ, ഉമ്മൽഖുവൈൻ എമിറേറ്റുകളുടെ കോർഡിനേറ്ററായി പാസ്റ്റർ സാം അടൂർ, റാസ് അൽ ഖൈമ കോർഡിനേറ്ററായി പാസ്റ്റർ രാരിഷ് കെ.വി എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു.

ബ്രദർ റോബിൻസ് കീച്ചേരിയെ മീഡിയ ആൻഡ് പബ്ലിസിറ്റി ഡയറക്ടറായി തിരഞ്ഞെടുത്തു.

ഓഡിറ്റർമാരായി ബ്രദർ മോറിസ് പി. മാത്യുവും ബ്രദർ ബെന്നി എബ്രഹാമും സ്ഥാനമേറ്റു.

## കൗൺസിൽ മെമ്പേഴ്സ് 2024-2026



റവ.ഡോ.കെ.ഒ. മാത്യു (നാഷണൽ ഓവർസിയർ) · ബ്രദ. ഷാൻ മാത്യു (അസിസ്റ്റന്റ് ഓവർസിയർ) · പാ. കുര്യൻ മാമ്മൻ (സെക്രട്ടറി)



പാ. ജോൺ മാത്യു (ജോയിന്റ് സെക്രട്ടറി) · പാ. സണ്ണി പി. സാമുവേൽ (ട്രഷറർ) · പാ. എബി ബാബു (ജോയിന്റ് ട്രഷറർ) · പാ. ജോർജ്ജ് ടൈറ്റസ് (ഇവാഞ്ചലിസം ഡയറക്ടർ) · ബ്രദ. റോബിൻസ് കീച്ചേരി (മീഡിയ & പബ്ലിസിറ്റി ഡയറക്ടർ) · പാ. ഫെബിൻ മാത്യു (വൈ.പി.ഇ. ഡയറക്ടർ) · ബ്രദ. ഗിന്നർ ജെ.ഡി. (വൈ.പി.ഇ. സെക്രട്ടറി)



പാ. ജോർജ്ജ് മാത്യു (വൈ.പി.ഇ. ട്രഷറർ) · ബ്രദ. റോബി ജോൺ (സ്ക്രിപ്ച്ചർ സ്കൂൾ ഡയറക്ടർ) · ബ്രദ. ദിനേഷ് എ.പി. (സ്ക്രിപ്ച്ചർ സ്കൂൾ സെക്രട്ടറി) · ബ്രദ. ബിനോജ് ജോൺ തോമസ് (സ്ക്രിപ്ച്ചർ സ്കൂൾ ട്രഷറർ) · സിസ്റ്റർ വൽസ മാത്യു (ലേഡീസ് മിനിസ്ട്രി ഡയറക്ടർ) · സിസ്റ്റർ ഷേർളി കുര്യൻ (ലേഡീസ് മിനിസ്ട്രി സെക്രട്ടറി) · സിസ്റ്റർ എലിസബത്ത് സുനീഷ് (ലേഡീസ് മിനിസ്ട്രി ട്രഷറർ)



പാ. പ്രസാദ് (റീജിയൺ കോ-ഓർഡിനേറ്റർ, അബുദാബി) · പാ. റെജി മാത്യു (റീജിയൺ കോ-ഓർഡിനേറ്റർ, അൽ ഐൻ) · പാ. മാത്യു (റീജിയൺ കോ-ഓർഡിനേറ്റർ, ദുബായ്) · പാ. സാം അടൂർ (റീജിയൺ കോ-ഓർഡിനേറ്റർ, ഷാർജ, അജ്മാൻ & ഉമ്മുൽ ഖുവൈൻ) · പാ. രാരീഷ് കെ.വി. (റീജിയൺ കോ-ഓർഡിനേറ്റർ, റാസൽഖൈമ) · ബ്രദ. മോറിസ് പി. മാത്യു (ഓഡിറ്റർ) · ബ്രദ. ബെന്നി എബ്രഹാം (ഓഡിറ്റർ)

പ്രിയ വായനക്കാർക്ക് സ്നേഹവന്ദനം,

യു.എ.ഇ-യിലെ ആദ്യ ക്രൈസ്തവ മാസികയായ ഗിൽഗാൽ വോയ്സിന്റെ പ്രസിദ്ധീകരണം വളരെ നാളുകളായി നിലച്ചുപോയിരുന്നു. പുനഃപ്രസിദ്ധീകരണത്തിന്റെ സ്വപ്നവും ശ്രമങ്ങളും ഈ ലക്കത്തിലൂടെ പൂവണിയുമ്പോൾ, ഇന്നലകളിൽ വായനാ ലോകം നൽകിയ അംഗീകാരവും പിന്തുണയും നന്ദിയോടെ സ്മരിക്കുന്നു. തുടർന്നും അത് അനുധാവനം ചെയ്യും എന്ന ശുഭപ്രതീക്ഷയോടെ ഇനിയുള്ള ലക്കങ്ങൾ അനുസ്യൂതം തുടരാൻ ദൈവത്തിൽ ശരണം അർപ്പിക്കുന്നു.

ഗിൽഗാൽ വോയ്സിനു വേണ്ടി
പത്രാധിപ സമിതി

## ചർച്ച് ഓഫ് ഗോഡ് യുഎഇ മീഡിയ & പബ്ലിക്കേഷൻ ഡിപ്പാർട്ട്മെന്റ് 2024-2026



ബ്രദ. റോബിൻസ് കീച്ചേരി (ഡയറക്ടർ) · പാ. സജിൽ ദേവ് (അസോ. ഡയറക്ടർ) · ബ്രദ. വിൽസൺ ജോർജ്ജ് (സെക്രട്ടറി) · ബ്രദ. സുരേഷ് പരുത്തിക്കാട്ടിൽ (ജോയിന്റ് സെക്രട്ടറി) · ബ്രദ. സാം ജോൺ (ട്രഷറർ) · ബ്രദ. ബെന്നി എബ്രഹാം (ജോയിന്റ് ട്രഷറർ)



ബ്രദ. സോബു ഡാനിയേൽ (പ്രോഗ്രാം കൺവീനർ) · ബ്രദ. അലൻ സാം (പ്രോഗ്രാം കൺവീനർ) · ബ്രദ. ജിൽജു ചാണ്ടി (പബ്ലിസിറ്റി കൺവീനർ) · പാ. അനിൽ ആയൂർ (ഗിൽഗാൽ വോയ്സ് എഡിറ്റോറിയൽ) · പാ. സുനീഷ് ജോൺസൻ (ഗിൽഗാൽ വോയ്സ് എഡിറ്റോറിയൽ) · ബ്രദ. ബിബി രാജൻ (കോ-ഓർഡിനേറ്റർ) · ബ്രദ. റോബിൻ ഫിലിപ്പ് (എക്സിക്യൂട്ടീവ് മെമ്പർ) · ബ്രദ. ബിജോയ് ഡാനിയേൽ (എക്സിക്യൂട്ടീവ് മെമ്പർ) · ബ്രദ. ആൽബി ജോൺ ഫിലിപ്പ് (എക്സിക്യൂട്ടീവ് മെമ്പർ) · ബ്രദ. സുമിൻ സജി (എക്സിക്യൂട്ടീവ് മെമ്പർ)

EDITORIAL

# വീണ്ടും കർമ്മപഥത്തിൽ...

2009 ജൂൺ മാസം മുതൽ പ്രവർത്തനമാരംഭിക്കുകയും, ചില സംവത്സരങ്ങൾ സത്യവൃത്താന്തങ്ങൾക്ക് കാവലായും, ആത്മപ്രചോദനങ്ങളിലെ കെടാവിളക്കായും നിലകൊണ്ട 'ഗിൽഗാൽ വോയിസ്' ചെറിയ ഇടവേളയ്ക്കുശേഷം വീണ്ടും കർമ്മപഥത്തിൽ എത്തിച്ചേരുകയാണ്. ഈടുറ്റ ലേഖനങ്ങളും, ക്രൈസ്തവ ലോകത്തിലെ പ്രധാനപ്പെട്ട വാർത്തകളും ഉൾപ്പെടുത്തിക്കൊണ്ട് പുറത്തിറങ്ങുന്ന, ഗിൽഗാൽ വോയിസിന്റെ അണിയറ പ്രവർത്തകർ യു. എ. ഇ. ചർച്ച ഓഫ് ഗോഡിന്റെ മീഡിയ ഡിപ്പാർട്ട്മെന്റാണ്. ഗിൽഗാൽ വോയിസിന് കഴിഞ്ഞ നാളുകളിൽ നൽകിയ അംഗീകാരത്തിന് ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. അതോടൊപ്പം മുന്നോട്ടുള്ള ഗമനത്തിൽ പ്രബുദ്ധ വായനക്കാരുടെ സഹകരണവും പ്രതീക്ഷിക്കുന്നു.

ഭാരതം സ്വാതന്ത്ര്യ ലബ്ധിയെ അനുസ്മരിക്കുന്ന സുദിനത്തിൽ ഗിൽഗാൽ വോയ്സിന്റെ പുതിയ തുടക്കം സാധ്യമായതിൽ ചാരിതാർത്ഥ്യമുണ്ട്. സ്വതന്ത്രമായി ചിന്തിക്കുവാനും, സംസാരിക്കുവാനും, ജീവിക്കുവാനും, കഴിവുകളെ ആവിഷ്കരിക്കുവാനും സാധ്യമാകുന്നത് മനുഷ്യജീവിതത്തിന്റെ പ്രബുദ്ധതക്കും, നിലനിൽപ്പിനും ആവശ്യമാണ്. ഭാരതീയ സ്വാതന്ത്ര്യത്തിന്റെ പിന്നിൽ ജീവൻ തന്നെ സമർപ്പിച്ച് വില മുടക്കിയ മഹാരഥന്മാർ അനേകരാണ്. ആ ത്യാഗമനോഭാവങ്ങൾക്കു മുന്നിൽ ആദരവ് അർപ്പിക്കുന്നു. ലഭ്യമായ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന ദുഷിച്ച പ്രവണതകൾക്ക് മുന്നിൽ സ്വാതന്ത്ര്യത്തിന്റെ കാവലാളായി മാറുവാൻ ഓരോരുത്തരെയും ആഹ്വാനവും ചെയ്യുന്നു. ആനുകാലിക പശ്ചാത്തലത്തിൽ മനുഷ്യസ്വാതന്ത്ര്യത്തിന് വെല്ലുവിളി ഉയർത്തുന്ന തിന്മകൾ അനേകമാണ്. ആയതിനാൽ സ്വാതന്ത്ര്യത്തിന്റെ സംരക്ഷകരായി തീരുക എന്നുള്ളത് ഓരോ പൗരന്റെയും ധാർമിക ഉത്തരവാദിത്തമാണ്.

ഭൗതികമായ സ്വാതന്ത്ര്യത്തിനുവേണ്ടി മനുഷ്യൻ നടത്തിയ പ്രയത്നങ്ങൾ അല്പമായി ഉപയോഗപ്പെട്ടുവെങ്കിലും, ആത്മീക സ്വാതന്ത്ര്യത്തെ പ്രാപിക്കുന്നതിൽ മനുഷിക പ്രയത്നങ്ങൾ ഉപകരിച്ചില്ല. ഈ പശ്ചാത്തലത്തിലാണ് മനുഷ്യ വേഷത്തിൽ ദൈവം ഭൂവിൽ അവതരിച്ചത്. ആത്മ സ്വാതന്ത്ര്യത്തിനായി സ്വജീവൻ സമർപ്പിച്ച് മാനവകുലത്തെ പാപത്തിൽ നിന്നും നിത്യസ്വാതന്ത്ര്യത്തിന്റെ വിഹായസ്സിലേക്ക് നയിച്ച യേശുക്രിസ്തുവിനെ ഈ അവസരത്തിൽ അനുസ്മരിക്കുന്നത് ദൈവപ്രവർത്തിയോടുള്ള കൃതജ്ഞതയാണ്.

ഏവർക്കും സ്വാതന്ത്ര്യദിനാശംസകൾ നേരുന്നു.

ദൈവ സഭയുടെ ദേശീയ അന്തർദേശീയ ഭരണസമിതിയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.




മലയിടുക്കിൽ ഊരുവായ് വന്ന ഉരുൾ ഉരുട്ടിക്കളഞ്ഞ സ്വപ്നങ്ങൾക്ക് പ്രായഭേദങ്ങൾ ഇല്ലായിരുന്നു. കളിപ്പാട്ടം കിനാവ് കണ്ടുറങ്ങിയ കുരുന്നുകളും, കാലത്തിനൊപ്പം ചരിക്കാൻ നാളെയുടെ പദ്ധതികളെ മനച്ചെപ്പിൽ താലോലിച് നിദ്രയിൽ ലയിച്ചവരും...ഒരു പുലർച്ചയിൽ ഓർമ്മയായി. പ്രാണനു വേണ്ടിയുള്ള ആർത്തനാദങ്ങൾ അലിഞ്ഞു ചേർന്ന വയനാടൻ മണ്ണിനെ ശരിക്കും നനച്ചത് മിഴിനീരാണ്. ഒരുപിടി സഹജീവികൾ ബാക്കി വെച്ച കർത്തവ്യങ്ങൾ എന്തെന്ന് അറിയാൻ, ആരോടും അത് പറയുവാൻ പ്രകൃതി ഇടം നൽകിയില്ല. പ്രീയപ്പെട്ടവരെ സ്വഹസ്തങ്ങളിൽ ചേർത്തു പിടിക്കുവാൻ കഴിയും മുൻപെ, പ്രകൃതി അവരെ കവർന്നെടുത്തു. പ്രതീക്ഷയുടെ കൺതടങ്ങളിൽ കറുപ്പ് വീണവരോട് വീട് എവിടെ എന്ന് ചോദിക്കുമ്പോൾ, നാല് ദിക്കുകളി ലേക്കും പകച്ചു നോക്കി നെടുവീർപ്പിടുന്ന കാഴ്ചകൾ മറവിയുടെ താളുകളിൽ ഇടം തേടില്ല.

ആയുസ്സിന്റെ കരുത്തിനെ ഒരു മഴയ്ക്ക് മരവിപ്പിക്കാവുന്നതേയുള്ളു.


**നിറമിഴികളോടെ വയനാടിന്റെ തീരാനോവിനൊപ്പം...**

ഗിൽഗാൽ വോയ്സ്

# ചർച്ച് ഓഫ് ഗോഡിന് അന്തർദേശീയ തലത്തിൽ പുതിയ നേതൃത്വം



**ഗാരി ജെ. ലെവിസ്**
(ജനറൽ ഓവർസിയർ)



**ഡോ. എം. തോമസ് പ്രോപ്സ്**
(ജനറൽ ഡയറക്ടർ)



**റവ.ഡോ.സ്റ്റീഫൻ ഡാർനൽ**
(ഫീൽഡ് ഡയറക്ടർ ഫോർ സി.ഐ.എസ്. കൺട്രീസ് യൂറോപ്പ്, മെഡിറ്ററിയൻ & മിഡിൽ ഈസ്റ്റ്)



**ഡോ. സുശീൽ മാത്യു**
(ഗൾഫ് റീജിയൻ സുപ്രണ്ട്)

ക്ളീവ് ലാൻഡ്, ടെന്നീസി: 1886 ആഗസ്റ്റ് 19-നു നോർത്ത് കരോലിന ബോർഡറിന് അടുത്തായി ടെന്നീസിയിൽ മോൺറോയ് കൗണ്ടിയിൽ ദൈവദാസൻ റിച്ചാർഡ് ഗ്രീൻ സ്പർലിങ്ങിനോടൊപ്പം 8 പേർ പുതിയ നിയമ സഭയുടെ ദൗത്യം ഏറ്റെടുത്തു തുടങ്ങിയ പ്രാർത്ഥന സംരംഭം ആണ് ചർച് ഓഫ് ഗോഡ്. കഴിഞ്ഞ ഒന്നര നൂറ്റാൽ 172 ഔദ്യോഗിക രാജ്യങ്ങളിലും മറ്റു ടെറിറ്റോറികളിലും പടർന്ന് പന്തലിച്ച്, നാല്പത്തിനായിരത്തോളം സഭകളും 9 മില്ല്യനിലധികം അംഗങ്ങളും ഉള്ള പ്രസ്ഥാനമായി അത് ഇന്ന് വളർന്നു. ആ വളർച്ചയുടെ നാൾ വഴികളിൽ യുഎഇലുള്ള സഭാപ്രവർത്തനങ്ങളും ശ്ലാഘനീയമായി കരുത്താർജ്ജിച്ചു. 2024 ജൂലൈ 08 മുതൽ 12 വരെ ചർച് ഓഫ് ഗോഡിന്റെ എഴുപത്തി ഒൻപതാമത് അന്തർദേശിയ ജനറൽ അസംബ്ലി ഇന്ത്യനോപോലീസ് വെച്ച് നടത്തപ്പെടുകയുണ്ടായി. വിവിധ രാജ്യങ്ങളിൽ നിന്നുള്ള ജനറൽ അസംബ്ലി ഡെലിഗേറ്റ്സായി ദൈവസഭയുടെ ഓർ ഡയിൻഡ് ബിഷപ്പുമാർ ചരിത്ര പ്രസിദ്ധമായ ഇന്ത്യാന കൺവെൻഷൻ സെന്ററിൽ കൂടുകയുണ്ടായി. പ്രസ്തുത ജനറൽ അസംബ്ലിയിൽ ബിഷപ് ഗാരി ലെവിസ്നെ ജനറൽ ഓവർസിയറായും റവ. എം തോമസ് പ്രോപ്സ്നെ വേൾഡ് മിഷൻ ഡയറക്ടറായും നിയമിക്കുകയുണ്ടായി. ഇതേ തുടർന്ന് മറ്റ് അന്തർദേശിയ നേതൃത്വത്തെയും ജനറൽ അസംബ്ലി നിയമിച്ചുകൊണ്ട് ഉത്തരവിറങ്ങി.

ദൈവസഭയുടെ മധ്യപൂർവേഷ്യൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്, ഫീൽഡ് ഡയറക്ടറായി ഡോ. സ്റ്റീഫൻ ഡാർണൽ മിഡിൽ ഈസ്റ്റ് - ഗൾഫ് റീജിയൻ സുപ്രൻഡന്റായി ഡോ. സുശീൽ മാത്യുവും യു.എ.ഇ. നാഷണൽ ഓവർ സിയറായി റവ. ഡോ. കെ. ഓ. മാത്യുവിനേയും നിയമിച്ചുകൊണ്ടുള്ള ഉത്തരവ് ഔദ്യോഗി കമായി യുഎഇ നാഷണൽ ഓഫീസിൽ ലഭിക്കുകയുണ്ടായി.



# വയലിലെ വരവും ക്രൂശിന്റെ തണലും



വിജി ജോസ്
ബാംഗ്ലൂർ

ഓ ഇന്ന് ചൂട് കഠിനമായിരിക്കുന്നു , വല്ലാത്ത ക്ഷീണം, ദൈവമേ എന്റെ കുഞ്ഞുങ്ങൾ ഒന്ന് പണിയെടുത്ത് തുടങ്ങിയിരുന്നെങ്കിൽ എന്റെ കഷ്ടപ്പാടുകൾ ഒന്ന് കുറഞ്ഞേനെ എന്നയാൾ മനസ്സിൽ പറഞ്ഞ് കലപ്പയും തോളിൽ ഏറ്റി പാടത്തു നിന്ന് നടന്ന് വീട്ടിലേക്ക് നിങ്ങി. പോകും വഴിയിൽ അയാൾ ഒരു കാഴ്ച കണ്ടു. എതിരെ ഒരു വലിയ ജനക്കൂട്ടം. അയാൾ ആശ്ചര്യപെട്ടു നോക്കി. അതിന്റെ മധ്യത്തിൽ ഒരുവന്റെ ദേഹമാസകലം ചോരവാർന്ന് ഒഴുകുന്നു. ഉഴവു ചാലുപോലെ ആ ശരീരം കീറിയതായി കാണപ്പെട്ടു, അത്രയുമല്ല ആ മനുഷ്യന്റെ ചുമലിൽ ഭാരമേറിയ ഒരു കുരിശും. ചുറ്റും വലിയ അട്ടഹാസത്തിന്റെ ശബ്ദങ്ങളും. അപ്പോൾ ജനക്കൂട്ടത്തിൽ നിന്നും ഒരു പടയാളി തന്റെ നേർക്ക് പാഞ്ഞു വന്നു. എന്തിനാകും എന്ന് ആ കർഷകൻ ചിന്തിച്ചു. പെട്ടെന്നു തന്നോടായി പറഞ്ഞു. നീ ഈ ക്രൂശ് ചുമക്ക്. അയ്യോ ഞാൻ മോഷ്ടാവോ, പിടിച്ചു പറിക്കാരനോ, കവർച്ചക്കാരനോ അല്ല യജമാനനേ. ഞാനൊരു പാപം കർഷകനാ. പിന്നെന്തിനാ ഈ ശാപത്തിന്റെ ഭാരം ചുമക്കുന്നത്? ആ കർഷകൻ താണപേക്ഷിച്ചു. പക്ഷെ ആ പടയാളി വളരെ കോപത്തോടെ കർഷകന്റെ തോളിൽ ആ കുരിശ് പിടിച്ച് ഏൽപ്പിച്ചു. ഓ എന്തൊരു ഭാരം... നടന്നു നീങ്ങുവാൻ കഴിയുന്നില്ല. ആ മനുഷ്യന്റെ ഹൃദയത്തിലൂടെ പല വിധ ചിന്തകൾ ഓടി മറഞ്ഞു. വീട്ടിലെ എന്റെ ഭാര്യ, കുഞ്ഞുങ്ങൾ (അലക്സാന്തരും , രൂഫൊസും) അടുത്ത നിമിഷത്തിൽ എന്താകും? അല്പനേരം ക്രൂശ് ചുമന്ന് നീങ്ങിയപ്പോൾ ദേഹമാസകലം മുറിവേറ്റ ആ മനുഷ്യൻ കർഷകന്റെ തോളിൽ നിന്ന് ക്രൂശ് തന്റെ തോളിലേക്ക് വീണ്ടും ഏറ്റുവാങ്ങി

സന്ധ്യയോട് അടുത്ത സമയം ആ കുറേനക്കാരനായ കർഷകൻ തന്റെ ചെറിയ കുടിലിൽ തിരികെ എത്തി. പെട്ടന്ന് ആയാളുടെ ഭാര്യ ഓടിയെത്തി ചോദിച്ചു. ഇതെന്താ മുഖത്തും ഉടുപ്പിലുമെല്ലാം രക്തക്കറ. അയാൾ സാവധാനത്തിൽ പറഞ്ഞു, ഞാൻ വയലിൽ നിന്ന് വരും വഴി യെഹുദന്മാർ ഒരു മനുഷ്യനെ വല്ലാതെ പീഡിപ്പിച്ച്, ക്രൂശ് ചുമപ്പിച്ച് കൊ‌ു പോകുന്നു. അവർ എന്നോട് പറഞ്ഞു അല്പ സമയം ആ ക്രൂശ് ചുമക്കാൻ. റോമൻ പട്ടാളത്തിന്റെ മുമ്പിൽ നമുക്ക് ഒന്നും പറയാൻ പാടില്ലല്ലോ. ഞാൻ ആ ക്രൂശ് ചുമന്നതിന്റെയാ ഈ രക്തക്കറകൾ. ആ മനുഷ്യൻ ആരാണെന്ന് എനിക്ക് അറിയില്ലെടി. പക്ഷെ ഒരു തെറ്റും അയാൾ ചെയ്തിട്ടില്ല എന്ന് എനിക്കറിയാം. ഞാൻ ആ മനുഷ്യനിലേക്ക് നോക്കി. ദയയുള്ള കണ്ണുകൾ. ചോര വാർന്നൊഴുകുമ്പോഴും സൂര്യശോഭപോലെ തിളങ്ങുന്ന മുഖം. എന്നിട്ടും ആ ശാപഭാരം ചുമക്കുന്നു. ആ എന്തായോ എന്തൊ..ഒന്നും അറിയില്ല. എന്തായാലും ആ ക്രൂശിന്റെ തണലിൽ ഞാൻ അല്പ സമയം ചിലവിട്ടു.

വർഷങ്ങൾക്കു ശേഷം ആ കുറേനക്കാരനായ കർഷകന്റെ മക്കൾ പ്രസിദ്ധിയാർജ്ജിച്ചു. തന്റെ പ്രിയപ്പെട്ടവളെ ആരും അറിയാതിരുന്ന സ്ഥാനത്ത് അവൾക്ക് ഇന്ന് വന്ദനം ചൊല്ലുവാൻ റോമാക്കാരും. (റോമ: 16: 13) പണ്ട് ആ കർഷകൻ അല്പ സമയം ക്രൂശ് ചുമന്നതിന്റെ പ്രതിഫലം

യേശു ആർക്കും കടക്കാരനല്ല.

# നിങ്ങൾക്കും ഒരു ക്രിസ്ത്യൻ കൗൺസിലർ ആകാം

ഷാർജ: ഗിൽഗാൽ ബിബ്ലിക്കൽ സെമിനാരി, അമേരിക്കയിലുള്ള അഗാപ്പേ പാർട്ണേഴ്സ് ഇൻറർനാഷണലിന്റെ പങ്കാളിത്തത്തിൽ നടത്തുന്ന മൂന്നുമാസ കൗൺസിലിംഗ് കോഴ്സിന്റെ അടുത്ത ബാച്ചിലേക്ക് അഡ്മിഷൻ ആരംഭിച്ചു.

**കോഴ്സിന്റെ സവിശേഷതകൾ**

- പൂർണ്ണമായും ഓൺലൈൻ പഠനം .
- വിദ്യാർത്ഥികളുടെ സമയത്തിനനുസരിച്ച് ക്ലാസുകൾക്ക് ഹാജർ ആകുവാനുള്ള അവസരം.
- പ്രശസ്ത അമേരിക്കൻ സർവ്വകലാശാലകളിലെ പ്രൊഫസർമാർ നയിക്കുന്ന ക്ലാസുകൾ.
- പാസ്റ്റർമാർ, ക്രിസ്തീയ നേതാക്കൾ, അധ്യാപകർ, ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നവർ. വിശ്വാസികൾ, മാതാപിതാക്കൾ എന്നിവർക്കായി തയ്യാറാക്കിയ പഠന പദ്ധതി.
- ക്രിസ്തീയ കൗൺസിലിംഗിന്റെ പ്രാധാന്യത, വിവാഹം, കുടുംബം, രക്ഷാകർതൃത്വം, മാനസികാരോഗ്യം, വിവിധതരം ആസക്തികളിൽ നിന്നുള്ള മോചനം, പാസ്റ്ററൽ കൗൺസിലിംഗ് എന്നിവ കേന്ദ്രീകരിച്ചുള്ള പാഠ്യക്രമം.

*കൂടുതൽ വിവരങ്ങൾക്ക്:*
**counsellinggbs@gmail.com**
**+971 56 86 93793**

*താല്പര്യമുള്ളവർ താഴെ കാണുന്ന ലിങ്കിൽ ജോയിൻ ചെയ്യുക.*

https://forms.gle/XBLkYk9JAPmgtGC3A

# തിരുവചന ചോദ്യാവലി

1. ഒരു പുതിയനിയമ വ്യക്തിയുടെ പേരിനകത്ത് (അഞ്ചക്ഷരം) മറ്റൊരു വ്യക്തിയുടെ പേരുണ്ട്. ആ പേരെന്ത്?
2. മ്ലേച്ഛതയുടെ ചിറകിന്മേൽ വരുന്നതാര്?
3. കരയുന്ന മരത്തിൻ കീഴെ അടക്കിയതാരെ?
4. ആദ്യം പേർ പറയപ്പെട്ട ലോഹം?
5. ബൈബിളിൽ ഒരു പ്രാവശ്യം മാത്രം കാണുന്ന ഒരു പദത്തിന്റെ ആദ്യ രക്ഷരത്തിലും അവസാന രണ്ടക്ഷരത്തിലും ഒരേ മൃഗത്തിന്റെ പേരു കാണാം. വാക്കേത്? മൃഗം ഏത്?
6. കാട്ടുമൃഗങ്ങൾ ഉല്ലസിക്കുന്ന സ്ഥലം?
7. ശലോമോൻ പണിത ആലയം തീവെച്ചു ചുട്ടു കളഞ്ഞതാര് ?
8. വാതിൽക്കൽ നിൽക്കുന്നതാര്?
9. പുരോഹിത നാമത്തിലും ഒരു നിർമ്മിതിയിലും ഞാനുണ്ട്. എന്നെ ഒരു രാജാവിന്റെ പേരിനകത്തും കാണാൻ കഴിയും. ഞാൻ ആര്? നിർമ്മിതി എന്ത് ? രാജാവിന്റെ പേരെന്ത് ?
10. വിചാരങ്ങളാൽ പരവശരായ രണ്ടുപേർ ?

*തയ്യാറാക്കിയത്*
**ബീനയും ബ്യൂലയും.**

# ചർച്ച് ഓഫ് ഗോഡ് യു.എ.ഇ മീഡിയയുടെ അന്തർദ്ദേശീയ സാഹിത്യ രചനാ മത്സരം

## ലേഖനം/കഥ

<u>നിബന്ധനകൾ</u>

- ലേഖനങ്ങൾ തിരുവചനാധിഷ്ഠിതം ആയിരിക്കണം.
- കഥകൾ സാരോപദേശപരമോ ഗുണപാഠ സങ്കൽപങ്ങളോ ആയിരിക്കണം.
- ഇംഗ്ലീഷ് / മലയാളം ഭാഷകളിൽ ആയിരിക്കേണം രചനകൾ.
- ഒരു മത്സരാർത്ഥിക്ക് തന്നെ ലേഖനവും കഥയും രചിക്കാവുന്നതാണ്.
- രചനകൾ രണ്ടു പുറത്തിൽ കവിയരുത്.
- സ്വന്തം രചനകൾ മാത്രമേ മൂല്യ നിർണ്ണയത്തിന് പരിഗണിക്കപെടുകയുള്ളു.
- ലേഖനങ്ങളും കഥകളും ഇമെയിൽ വഴിയോ വാട്സാപ്പ് മുഖേനയോ അയക്കേണ്ടതാണ്.
- 2024 സെപ്റ്റംബർ 30-നുള്ളിൽ രചനകൾ അയച്ചുതരേണ്ടതാണ്.
- രചനകളുടെ പൂർണ്ണ ഉത്തരവാദിത്വം രചയിതാക്കളിൽ നിക്ഷിപ്തമായിരിക്കും.
- പ്രസിദ്ധീകരണയോഗ്യമായ കൃതികൾ ഗിൽഗാൽ വോയിസ് മാസികയിൽ ഉൾപ്പെടുത്തുന്നതായിരിക്കും.
- ഒന്നും രണ്ടും മൂന്നും വിജയപഥങ്ങളിൽ എത്തുന്നവർക്ക് ക്യാഷ് അവാർഡ് ഉണ്ടായിരിക്കുന്നതാണ്.
- മത്സര നിബന്ധനകളിലും, വിധിനിർണ്ണയത്തിലും, ഫലപ്രഖ്യാപനത്തിലും ചർച്ച ഓഫ് ഗോഡ് യു.എ.ഇ മീഡിയയുടെ തീരുമാനം അന്തിമം ആയിരിക്കും.

**നിങ്ങളുടെ രചനകൾ അയയ്ക്കേണ്ടത്:**
**00971 58 567 8646, 00971 58 890 2986**
**gilgalvoice11@gmail.com**

**ഇതൊരു ചർച്ച ഓഫ് ഗോഡ് യു.എ.ഇ മീഡിയാ ഉദ്യമം**








A Spectacular
Exhibition organized by the
Church of God UAE
Media Department.
ART &
CRAFT
EXHIBITION
19th Oct
2 pm to 7 pm
An exhibition focusing on
children's Art, Craft & Handiworks.
SHARJAH WORSHIP CENTRE
Ages Limit : 3-15
Drawing
Painting
String Art
Scientific & Innovative Miniature Models
Handicrafts
Home/ Wall decor from waste/
recyclable materials
Clay Modeling
Art & Craft with waste/ recyclable materials
Traditional crafts
with Biblical values
Crochet Art
CONTACT DETAILS : Wilson George +971 50 633 4684
Anil Ayoor +971 55 683 8569
Alan Samuel +971 58 288 1575
Sobbu Daniel +971 56 461 2406